പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5096 — 27.07.2015 ൽ മറുപടിക്ക്

## വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.: അബ്ദുറഹിമാൻ രണ്ടത്താണി: | | ശ്രീ. പി.കെ.അബ്ദുറബ്ബ് (ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

---

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സർക്കാർ വിദ്യാലയങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 147 സ്കൂളുകൾ |
| (ബി) | അവ ഏതെല്ലാം ജില്ലകളിലാണെന്നും അവയ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്താൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ ; | (ബി) | എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവയാണ് ജില്ലകൾ. സർക്കാരിന് ഭീമമായ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതിനാൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സ്ഥലം ഏറ്റെടുക്കുന്ന പദ്ധതി നിലവിൽ പരിഗണനയിലില്ല.. |
| (സി) | സ്ഥലം ലഭ്യമായ വിദ്യാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് ; | (സി) | ജില്ലാതലത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും, നിയമസഭാ സാമാജികരുടെ ആസ്തി വികസന ഫണ്ട് മുഖേനയും കെട്ടിടനിർമ്മാണത്തിന് തുക ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഡി) സ്ഥലം ലഭ്യമായ വിദ്യാലയങ്ങൾ (ഡി) ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

മലപ്പുറം ജില്ല.

1.ജി.എൽ.പി. സ്കൂൾ, എ.ആർ. നഗർ

2. ജി.എൽ.പി. സ്കൂൾ, കാച്ചിപെരുത്തി

3. ജി.എൽ.പി. സ്കൂൾ, അത്താണിക്കൽ

4. ജി.എൽ.പി. സ്കൂൾ, പൂക്കോട്ടൂർ

കണ്ണൂർ ജില്ല

5. ജി.ഡബ്ലി.യു എൽ പി സ്കൂൾ, ഏഴോം

6. ജി.സി.യു.പി. സ്കൂൾ, കുഞ്ഞിമംഗലം

7. ജി.യു.പി. സ്കൂൾ, പെരുമ്പ

കാസർഗോഡ് ജില്ല

8. ജി.എഫ്.പി.സ്കൂൾ, മാണിക്കോത്ത്

9. ജി.എൽ. പി. സ്കൂൾ, കുന്നത്തൂർ, മഞ്ചേശ്വരം

കോഴിക്കോട് ജില്ല

10. ജി.എം.യു.പി. സ്കൂൾ, രാരോത്ത്

11. ജി.എൽ.പി. സ്കൂൾ, ഇരഞ്ഞിക്കൽ

Sheela H

സെക്ഷൻ ഓഫീസർ